**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2798** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജാതി നിർണയത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ ഉൾപ്പെടെ സംസ്ഥാനത്തെ തെരുവോരങ്ങളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അവരുടെ ജാതി നിർണയിച്ച് നൽകുന്നതിന് കിർത്താഡ്സിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം മണ്ഡലം ഉൾപ്പെടെ സംസ്ഥാനത്തെ തെരുവോരങ്ങളിൽ താമസിക്കുന്നവരിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരും മറ്റു വിഭാഗക്കാരും ഉൾപ്പെടുന്നുണ്ട്. 1996 ലെ കേരള (പട്ടികജാതി പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ടിലെ സെക്ഷൻ 10 പ്രകാരം താൻ പ്രസ്തുത ജാതിയിലോ ഗോത്രവർഗ്ഗത്തിലോപെട്ട ആളാണെന്ന് തെളിയിക്കേണ്ട ബാദ്ധ്യത അവകാശവാദിക്കു തന്നെയാണ്. അതിനാൽ ചട്ടത്തിൽ അനുശാസിക്കുന്ന സർട്ടിഫിക്കേറ്റിനായി ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്ന പക്ഷം അവരുടെ ജാതി സംബന്ധിച്ച അന്വേഷണം നടത്തി ജാതി നിർണ്ണയിച്ച് നൽകുകയാണ് കിർത്താഡ്സിന്റെ വിജിലൻസ് വിഭാഗം ചെയ്യുന്നത്. എന്നാൽ ഇത്തരത്തിൽ തെരുവോരങ്ങളിൽ താമസിക്കുന്നവർ ജാതി നിർണ്ണയം സംബന്ധിച്ച് യാതൊരു രേഖകളും ഹാജരാക്കാത്തതിനാൽ പ്രാദേശികതല അന്വേഷണങ്ങളിൽ ഇവരുടെ യഥാർത്ഥ ജാതി സംബന്ധിച്ച് യാതൊരു തരത്തിലുള്ള വിവരങ്ങളും ലഭ്യമാകാത്ത സാഹചര്യമാണുള്ളത് എന്നാണ് കിർത്താഡ്സ് റിപ്പോർട്ട് ചെയ്യുന്നത്. പല അപേക്ഷകരുടെയും സമുദായം സംബന്ധിച്ചുള്ള കിർത്താഡ്സിന്റെ പ്രാഥമിക അന്വേഷണത്തിൽ ടിയാളുകൾ കേരളത്തിലെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ടവരല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇവരുടെ യഥാർത്ഥ സമുദായ നിർണ്ണയം നടത്തുന്നതിന് വിശദമായ നരവംശശാസ്ത്ര അന്വേഷണം ആവശ്യമാണ്. പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ഈ |

| | | | |
|---|---|---|---|
| | | | വിഷയത്തിൽ ചട്ടത്തിന് അനുസൃതമായി അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ